# നിനവ്

## ഡിജിറ്റൽ മാഗസിൻ

ഗവ : ഹയർ സെക്കന്ററി സ്കൂൾ , ചന്തിരൂർ
ലിറ്റിൽ കൈറ്റ്സ് ബാച്ച് 2022-25

# ആശംസകൾ

നമ്മുടെ സ്കൂളിലെ 2023-24 അധ്യയന വർഷത്തിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ മികച്ച നിലവാരം പുലർത്തുന്ന ഒന്നാണ് , കുട്ടികളുടെ വിവിധതരം കഴിവുകളെ പ്രകടിപ്പിക്കാൻ ഉള്ള നല്ല ഒരു അവസരം കൂടിയാണിത് , വളരെ അധികം അറിവുകൾ പകർന്നുതന്ന ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. , ഈ മാഗസിൻ നമ്മുടെ സ്കൂളിന് അഭിമാനിക്കാൻ പറ്റുന്ന ഒരു മുതൽക്കൂട്ട് ആണെന്ന് ഞാൻ വിശ്വസിക്കുന്നു, എന്റെ എല്ലാവിധ ആശംസകളും ഇതോടൊപ്പം അറിയിക്കുന്നു.

ബീന . എസ്സ് .
ഹെഡ്മിസ്ട്രസ്
ജി എച് എസ് എസ് ചന്തിരൂർ

# എന്റെ ഗ്രാമം

ആലപ്പുഴയിലെ ജില്ലയുടെ വടക്കേ അറ്റത്തുള്ള ഒരു അതിമനോഹരമായ കൊച്ചു ഗ്രാമം. പ്രകൃതിയുടെ അപാര സൗന്ദര്യം നിറഞ്ഞ ഈ സ്ഥലം, കായലിന്റെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. കൈതപ്പുഴ കായലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികളും ചെമ്മീൻ കെട്ടിലെ കാഴ്ചകളും ഈ ഗ്രാമത്തിന്റെ ജീവിത രീതിയുടെ ഒരു ഭാഗമാണ്. രാവിലെ മുതൽ വൈകുന്നേരം വരെ, കായലിന്റെ മെല്ലെ ചലിക്കുന്ന ജലങ്ങൾ ജീവിതം നിറഞ്ഞ ഒരു ചിത്രമാണ് സൃഷ്ടിക്കുന്നത്.

വൈകുന്നേരത്തിലെ സൂര്യാസ്തമയം കൈതപ്പുഴയുടെ മറ്റൊരു വിസ്മയമാണ്. സൂര്യന്റെ ചുവപ്പ് നിറം കായലിന്റെ നീല ജലങ്ങളിൽ പ്രതിഫലിക്കുമ്പോൾ, ഒരു അത്ഭുത ദൃശ്യം സൃഷ്ടിക്കപ്പെടുന്നു. ഈ മനോഹരമായ കാഴ്ച കാണാൻ പലരും ദൂരെ നിന്നും ഈ ഗ്രാമത്തിലേക്ക് യാത്ര ചെയ്യുന്നു.
കാർഷിക വൃത്തിയും മൽസ്യ ബന്ധനവും ഉപജീവനമായി സ്വീകരിച്ചവർ ആയിരുന്നു ഭൂരിഭാഗം ജനങ്ങളും , നെൽ വയലുകളും നീര് ചാലുകളും നിരവധി ആയിരുന്നു . കൊച്ചി പ്രദേശത്തേക്ക് പോകുന്നതും വരുന്നതുമായ എല്ലാ തരാം വാഹനങ്ങളും പരിശോദിച്ചു ചുങ്കത്തെ പിരിക്കുന്നതിന് ചൗക്കകൾ അരൂർ മുക്കം , അരൂക്കുറ്റിയിലും പ്രവർത്തിച്ചിരുന്നു . ചന്തിരൂരിൽ ചെമ്മൺ വ്യവസായം വരുന്നതിനു മുൻപ് കയർ വ്യവസായം ആയിരുന്നു ജനങ്ങളുടെ ഉപജീവന മാർഗം , കൊച്ചിയിൽ നിന്നും ചന്തിരൂരിലേക്ക് സാധനങ്ങൾ ഇറക്കുമതി ചെയ്തിരുന്നത് പുത്തൻതോട് വഴി ആയിരുന്നു.
തിരുവതാംകൂർ രാജ്യത്തിൻറെ ഭാഗമായിരുന്നു ചന്തിരൂർ , കേരളത്തിലെ സിദ്ധ ഗ്രാമം എന്നും അറിയപ്പെടുന്നു . ചന്തിരൂർ എന്നാൽ ചന്തമാർന്ന പ്രദേശം എന്നാണ് അർഥം ,

മലയാളത്തിന്റെ കവിയും നാടൻപാട്ട് രചയിതാവുമായ ചന്തിരൂർ ദിവാകരൻ , കവിയും കഥാകൃത്തുമായ കെ എസ് എ റഷീദ് എന്നിവരുടെ ജന്മദേശം കൂടി ആണ് ഇവിടം , മലയാളത്തിന്റെ മഹാ നടൻ മമ്മൂട്ടി പ്രാഥമിക വിദ്യാഭാസ്യം നേടിയതും ആദ്യമായി വേദിയിൽ കയറിയതും ചന്തിരൂർ ഗവ: ഹയർ സെക്കന്ററി സ്കൂളിൽ നിന്നാണ് .

Alan V Reji IX B

# TEENAGE FRIENDSHIP

Once upon a time, two best friends, Lily and Sarah, shared everything laughed, cried and grow together, navigating the Roller coaster of teenage life. Through ups and downs Their bond remained Unbreakable, a true testament to the power of friendship. Lily and Sarah showed each other what it meant to have someone by your side, no matter what. They learned thats with a friend like that, the Journey of growing up became abeautifuladventure .

Ayisha Anas IX C

# HAYDEN CARRUTH

My woman who is not mine
Nor exactly anybody's
Ignores the dappling wine
Beside her in her studies.

Suppose I were the book
Where to her eyes consent
So Fervently. Her look
Might mean enravishment.

1 Wonder. Could I touch
That mind to rise to me?
My wisdom's not worth much.
what other parts has she?

The spark within but no
, Not spark, a Fartber light.
That takes its burning low
Like Foxfire late at night.

Jannath K H IX C

# എന്റെ വിദ്യാലയം

ആലപ്പുഴയിലെ  ചന്തിരൂർ എന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ചന്തിരൂർ ഗവ : ഹയർ സെക്കന്ററി സ്കൂൾ.എൽ.പി, യു പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വിഭാഗങ്ങളിലായി ആയിരത്തോളം കുട്ടികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തി വരുന്നു

കിഴക്കും പടിഞ്ഞാറും കായലോളങ്ങൾ പുൽകുന്ന തീരദേശവും മദ്ധ്യ ത്തിൽ അൽപ്പം തെക്കുമാറി ജലഗതാഗതത്തിന് വെട്ടിയൊരുക്കിയ പുത്തൻതോടും ഇവിടം ജൈവസമൃദ്ധമായ കാർഷികമേഖലയാക്കി മാറ്റി. കുമ്പളങ്ങി ഇളയപാടം, ചക്കചേരി, പള്ളിപ്പാടം തുടങ്ങി നൂറുകണക്കിന് വരുന്ന പാടശേഖരങ്ങളിൽ നൂറു മേനി മുത്തുവിളയുന്ന നെൽവയലുകൾ ഉണ്ടായിരുന്നു.അതുകൊണ്ടുതന്നെ പഞ്ചായത്തിന്റെ നെല്ലറയെന്ന വിളിപ്പേരും ചന്തിരൂരിന് സ്വന്തം.

ആലപ്പുഴ ജില്ലയുടെ അതിർത്തിയായ അരൂർ പഞ്ചായത്തിൽ അടുത്തകാലം വരെ അധികമൊന്നും അറിയപ്പെടാതിരുന്ന ഒരു ഗ്രാമമാണ് ചന്തിരൂർ. തനതായ പുരാതനസാസ്കാരിക പൈതൃകം ചന്തിരൂരിനെ സംബന്ധിച്ച് പ്രചാരത്തിലില്ല. സുപ്രസിദ്ധികൊണ്ടോ കുപ്രസിദ്ധികൊണ്ടോനാടറിയുന്ന നാട്ടുവാഴികളോ നാട്ടുപ്രമാണിമാരോ ഇവിടെ അധിവസിച്ചിരുന്നതായി കേട്ടറിവില്ല. . അറക്കൽ പണ്ടാരക്കാട്ട്, ചെന്നുപറമ്പ്, പാണ്ട്യാം പറമ്പ്, തുടങ്ങിയപ്രസിദ്ധ തറവാടുകൾ ഭൂവുടമകഴിൽ പ്രധാനപ്പെട്ടതുമാത്രം ഏഴുപുന്ന പാറായി തരകൻമാരും അരൂർ കമ്പക്കാരും എട്ടുത്തുപറയത്തക്ക ഭൂ സ്വത്തുക്കൾക്ക് ഉടമകളായിരുന്നു. കൂടാതെ ചെറിയ ഒരു പറ്റം പ്രമാണിമാരും ഇടത്തരം ചെറുകിടകർഷകരും കാർഷികമേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളും മറ്റുപാവപ്പെട്ട പിന്നോക്ക മതന്യൂനപക്ഷ വിഭാഗങ്ങളും അടങ്ങുന്നതായിരുന്നു ജനങ്ങളിൽ ഭൂരിഭാഗവും. അധസ്ഥിതിക്കാർക്ക് അക്ഷരജ്ഞാനം നിഷേധിക്കപ്പെട്ടഒരുകാലഘട്ടത്തിൽ ആശാൻകളരികളിലും കുടിപ്പള്ളിക്കൂടങ്ങളിലുമാണ് ചിലരെങ്കിലുംഅക്ഷരവെളിച്ചം നേടിയെടുത്തത്. ഇന്നോളം അലിഖിതമായ ചന്തിരൂരിന്റെ പതിറ്റാണ്ടുകൾക്കപ്പുറമുള്ള ചരിത്രപശ്ചാത്തലത്തിന്റെ ഒരു അവലോകനം മാത്രമാണിത്. മുകളിൽ സൂചിപ്പിച്ചതുപോലെ വാമൊഴിയായി ലഭിച്ച ഈ വിവരണത്തിന് വേറൊരു വാദമുഖം ഉണ്ടാവാം. ഇത്തരത്തിൽ ആരംഭിച്ച ഒരു കുടിപ്പള്ളിക്കൂടമാണ് ഇന്ന് ചന്തിരൂരിന്റെ തേജസ്വിനിയായി നിലകൊള്ളുന്ന നമ്മുടെ സരസ്വതീക്ഷേത്രം. ഏതാണ്ട് ആയാരത്തിതൊള്ളായിരത്തിപത്തിനോടടുത്ത് ഇത് പ്രവർത്തനം തുടങ്ങിയെന്നു കരുതപ്പെടുന്നു. വർഷങ്ങൾക്കു ശേഷം എയ്ഡഡ്സ്കൂളായി പരിണമിക്കപ്പെട്ടു . ചെന്നുപറമ്പിൽ ബ്രാമണതറവാട്ടിൽ നിന്ന് വടക്കേ വീടെന്നു വിളിച്ചിരുന്നപണിക്കാം പറമ്പിൽ കൃഷ്ണഷേണായ് മകൻ നാരായണഷേണായ് ആയിരുന്നു

മാനേജർ.ചന്തിരൂർ കളപ്പുരക്കൽ പരമേശ്വര പണിക്കർ ആയിരുന്നു ആശാൻ .മഹാരാജാവിന്റെ തിരുനാളിൽ അവിൽപൊതികളും മറ്റും നൽകി . ആഘോഷപൂർവ്വം കൊണ്ടാടിയിരുന്ന ഓർമ്മകൾ അയവിറക്കുന്ന അന്നത്തെ വിദ്യാർത്ഥികളിൽ ചുരുക്കം ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്. ചന്തിരൂർ സർവീസ്സഹകരണസംഘം രൂപീകരണമടക്കമുള്ള നാടിന്റെ പുരോഗമനപ്രവർത്തനങ്ങൾക്ക് ചള്ളീത്തറ മിഖേൽ വൈദ്യന്റെ നേതൃത്വത്തിൽ അന്പുപണിക്കർ, ചള്ളീത്തറ പാപ്പി, വാലേപറമ്പിൽ രാമൻനായക്, പള്ളത്തിൽ രാഘവപണിക്കർ, വെളുത്തേടത്ത് കുഞ്ഞുമുഹമ്മദ്, വടക്കേമുറി മൂസ, സിഎക്സ് എബ്രഹാം,ചന്ദ്രപണിക്കർ, കണ്ടത്തിൽപറമ്പിൽ കുഞ്ഞുമുഹമ്മദ് സാഹിബ്, പാച്ചുപിള്ള,ചള്ളീത്തറതോമസ് അടക്കം മറ്റുചിലരും മുൻനിരയിൽ ഉണ്ടായിരുന്നു. (ലിസ്റ്റ്അപൂർണ്ണം) .ഇവരുടെ പ്രവർത്തന ഫലമായി മിഡിൽസ്കൂളായി ഉയർത്തപ്പെട്ട സ്കൂളിൽ ഓലമേഞ്ഞ മേൽക്കൂരയുടെ താഴെ ചാണകം മെഴുകിയ തറകളിൽ ഇരുന്നുകൊണ്ടാണ് കുട്ടികൾ പഠിച്ചിരുന്നു. 1957ൽലോകത്തിലാദ്യ മായി ബാലറ്റിലൂടെ അധികാരത്തിലെത്തിയ കമ്യൂണിസ്റ്റ് മുഖ്യ മന്ത്രി ശ്രീ ഇ.എം.എസ്സ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ വിദ്യാഭ്യാസ മേഖലയിൽ വിപ്ളവകരമായ ചിലപരിഷ്ക്കരണ നടപടികൾ സ്വീകരിക്കുകയുണ്ടായി. അന്ന് എം.എൽ.എ. ആയിരുന്ന ശ്രീമതി കെ.ആർ. ഗൗരിയമ്മയ്ക്ക് ശ്രീമാൻ നാരായണ ഷേണായിയുടെ നേതൃത്തിൽ നൽകിയ നിവേദനങ്ങളുടെ ഫലമായി സ്ഥലംതന്നാൽ സ്കൂൾ അനുവദിക്കാമെന്ന് ഗൗരിയമ്മ ഉറപ്പുകൊടുത്തു. തുടർന്നു നടന്ന നടന്ന കൂടിയാലോചകളുടെ ഫലമായി ശ്രീമാൻ നാരായണഷേണായി ഇന്ന് സ്കൂൾ പ്രവർത്തിക്കുന്ന ഒരേക്കർ സ്ഥലം അൻപതു രൂപാ ക്രമത്തിൽ വിട്ടുകൊടുത്തു . കൂടാതെ പത്തുസെന്റ് സൗജന്യമായും നല്കി.ഇതോടെ യു.പി.സ്കൂളായി ഉയർത്തപ്പെട്ട് സർക്കാർ അംഗീകാരം നൽകി.

സർക്കാർനടപടികൾപൂർത്തിയാക്കാൻവന്ന കാലതാമസം മൂലം നിശ്ചയിച്ച വില ലഭിക്കാതെ വന്ന സാഹചര്യ ത്തിൽ കമ്യൂണിസ്റ്റ് നേതാവ് ശ്രീ സി.ജി.സദാശിവൻ ബന്ധപ്പെട്ടാണ് സ്ഥലം ഉടമയ്ക്ക് പണം വാങ്ങികൊടുത്തത്. തുടർന്ന് അറുപതുകളുടെ അവസാനം സ്കൂൾഹെഡ്മാസ്റ്ററായി ശ്രീ. കെ.വി.ദേവദാസ് സാർ നിയമിതനാകുന്നതോടെയാണ് സ്കൂൾ അപ്ഗ്രേഡിങ്ങ് പ്രവർത്തനങ്ങൾ വീണ്ടും സജീവമാകുന്നത്.നാട്ടാരുടെ വികാരവും നാടിന്റെ പൊതുതാത്പര്യവും ഉൾക്കൊണ്ട് സാർ ഈ പ്രവർത്തനങ്ങൾ നേതൃത്വപരമായി ഏറ്റെടുത്തു. ശ്രീ സി.എക്സ്. എബ്രഹാം കൺവീനറായി.ശ്രീ വി.എ.മുഹമ്മദ്,കുഞ്ഞുമുഹമ്മദ്സാഹിബ്, ബാപ്പുക്കുട്ടി, റ്റി.എ.കൃഷ്ണൻ , വെളുത്തേടത്ത് കുഞ്ഞുമുഹമ്മദ്, വടക്കേമുറി മൂസ, എ.എം.മൂസഹാജി, ചന്ദ്രപണിക്കർ, പി.എ.ജോർജ്ജ്, എസ്. തൊമ്മൻ മുതൽ പേരുള്ള ഒരു അപ്ഗ്രേഡിങ്ങ് കമ്മിറ്റിയും രൂപികരിച്ചു.

1968ൽഅധികാരത്തിലെത്തിയ സപ്തകക്ഷിനേതൃത്വത്തിലെത്തിലുള്ള ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്ത്68ൽ8 -) ം തരവും69ൽ9 -) ംതരവും 70ൽ 10 -) ം തരവും അനുവദിക്കുന്നതോടെ ചന്തിരൂർ ഗവ :ഹൈസ്കൂൾ എന്ന പദവിയും ലഭിച്ചു ഇത്തരത്തിൽ സ്കൂൾ ഉയർത്തപ്പെട്ടതിനു പിന്നിൽ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളുടെ കഥയാണുള്ളത്.സർക്കാരിലേക്ക് കെട്ടിവയ്ക്കേണ്ടിവന്ന5000 രൂപ സമാഹരിക്കുവാനും കെട്ടിടമുണ്ടാക്കുന്നതിനും ഓലയും തേങ്ങയും കയറും ചില്ലിക്കാശുകളും പിരിക്കുവാൻ തീരുമാനിച്ചു .എന്നാൽ ഇക്കാലത്തു നടന്ന പ്രസിദ്ധമായ വെളുത്തുള്ളി സമരത്തിന്റെ പശ്ചാത്തലത്തിൽ ഒരു വിഭാഗം

പ്രവർത്തനങ്ങളോട് നിസ്സഹകരണം പ്രഖ്യാപിച്ചു തുടർന്ന് ഒരു ബനിഫിറ്റ് ഷോ സംഘടിപ്പിച്ചാണ് ധനസമാഹരണം നടത്തിയത്. ശ്രീദേവദാസ്സാർ മുൻകൈയ്യെടുത്ത് ഗൗരിയമ്മ വഴി സർക്കാരിൽ നടത്തിയ സ്വാധീനത്തിന്റെയും അഭ്യർത്ഥനകളുടെയും ഫലമായാണ് ഹൈസ്കൂളായി അംഗീകാരം ലഭിക്കുന്നത്. വീണ്ടും സ്കൂൾ ഹയർസെക്കന്ററിയായി ഉയർത്തപ്പെടുന്നത്1998ൽആണ് കോളേജുകളിൽനിന്ന് പ്രീഡിഗ്രിവേർപ്പെടുത്താൻ ശ്രീ. ഇ കെ നായനാർ നേതൃത്വം കൊടുത്ത ഇടതുപക്ഷ മന്ത്രിസഭയുടെ നയപരമായ തീരുമാനം ആയിരുന്നു ഇതനുസരിച്ച് സ്കൂളിൽ പ്ലസ് ടു അനുവദിക്കണമെന്നാവശ്യപ്പെട്ട് പി.ടി.എ. സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചു. ശ്രീ.പി.രവീന്ദ്രൻ പ്രസിഡന്റായിരുന്ന പി.റ്റി.എ. കമ്മിറ്റി പ്രദേശത്തിന്റെ പ്രത്യേ കതളും സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സാമൂഹ്യ സാമ്പത്തിക പരാധീനതകളും വിവരിച്ചു നൽകിയ നിവേദനം പരിഗണിച്ച് ജില്ലാപഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീമതി സി.എസ്സ് .സുജാത  കാണിച്ച പ്രത്യേക താത്പര്യ ത്തിന്റെയും രാഷ്ട്രീയ സ്വാധീനത്തിന്റെയും ഫലമായാണ് സ്കൂളിന് പരിഗണനലഭിച്ചത്. കൂടാതെ പരിമിതമായിരുന്ന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജില്ലാപഞ്ചായത്ത് ഫണ്ടും അനുവദിച്ചു തന്നു. ജനകീയ ആസൂത്രണത്തിൽപെടുത്തി അനുവദിച്ച തുക ലഭിക്കുന്നതിന്ഇരുപതിനായിരം രൂപ ബനിഫിഷലി കമ്മിറ്റി വിഹിതമായിഅടക്കേണ്ടിവന്നു.ഇത്തരത്തി ൽ സ്കൂളിന്റെ ഒരുപരിവർത്തന ഘട്ടത്തിൽകൂടുതൽജനപങ്കാളിത്തം ഉറപ്പാക്കണമെന്ന് പി.റ്റി.എ.തീരുമാനിച്ചു .ഇതനുസരിച്ച് വിപുലമായി ഒരു ബഹുജനകൺവെൻഷൻ വിളിച്ചുചേർത്ത്ശ്രീമാൻവി.ബി.അബ്ദുൾ അസീസ്ചെയർമാനും ശ്രീ.പി.രവീന്ദ്രൻ കൺവീനറുമായി ഒരു വികസനസമിതി രൂപീകരിച്ചു ഈ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഹയർസെക്കന്ററിപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതികസൗകര്യങ്ങൾ ഒരുക്കിയത്. സ്കൂൾ ചരിത്രവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണങ്ങളിൽ ലഭിച്ചവിവരങ്ങളാണ് ഇവിടെ വരിച്ചിരിക്കുന്നത് . പ്രധാനപ്പെട്ട ഏതെങ്കിലുംകാര്യങ്ങളോ വ്യ ക്തികളുടെ പേരുകളോ വിട്ടുപോയിട്ടുണ്ടെങ്കിൽ മനപ്പൂർവ്വം ഒഴിവാക്കിയതാണെന്ന് കരുതരുത്.

ഇന്ന് നമ്മുടെ സ്കൂൾ ചന്തിരൂരിന്റെ തിലകക്കുറിയായി നിലകൊള്ളുകയാണ് ഇവിടെ അക്ഷരം കുറിച്ചവർ ഈ തരിമണലിൽ ഓടിക്കളിച്ചവർ ഇന്ന്വിശ്വത്തോളം വിഖ്യാതി നേടിക്കഴിഞ്ഞു. ഇനിയും ഒത്തിരികാതങ്ങൾ താണ്ടാനുണ്ട്. ഹയർസെക്കറിയിൽ പുതിയ ബാച്ചുകളും കോഴ്സുകളും അനുവദിക്കുക പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക സ്കൂളിന് കളിസ്ഥലം നിർമ്മിക്കുക തുടങ്ങി വരുംതലമുറയ്ക്ക് അക്ഷരജ്ഞാനം കലാകായിക സാഹിത്യ രംഗങ്ങളിലുള്ള കഴിവുകളെ പരിപോഷിപ്പിക്കാനും പുഷ്ടിപ്പെടുത്താനും കഴിയേണ്ടതുണ്ട്.ഇന്ന് സ്കൂളിന്റെ സാരഥ്യം വഹിക്കുന്ന ശ്രീമാൻ റോയ് മത്തായി സാർ  (പ്രൻസിപ്പാൾ) ശ്രീമതി.ബീന. എസ് (ഹെഡ് മിസ്ട്രസ്സ്) എന്നിവരുടെ പ്രവർത്തനങ്ങൾക്ക് പിന്തുണനൽകി സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരാം.

Muhammed Adhil K M IX C

# പാട്ടും നൃത്തവും

മയിലും കുയിലും കൂട്ടുകാരായിരുന്നു , മയിൽ മനോഹരമായി നൃത്തം ചെയ്യും , കുയിൽ മനോഹരമായി പാട്ട്  പാടും. കാട്ടിലെ മറ്റുള്ള മൃഗങ്ങൾ എല്ലാം തന്നെ ഇവരുടെ ഈ കഴിവിൽ സന്തോഷിച്ചിരുന്നു അങ്ങിനെ കെ ഒരിക്കൽ മയിലും കുയിലും തമ്മിൽ ഒരു സംസാരം നടന്നു , തങ്ങളുടെ കഴിവുകൾ പരസ്പരം മാറിയാൽ നന്നായിരിക്കുമെന്ന് അവർക്ക് തോന്നി , അന്ന് മുതൽ മയിൽ പാടുവാനും കുയിൽ നൃത്തം ചെയ്യുവാനും തുടങ്ങി . പക്ഷെ മനോഹരമായ പീലികൾ ഇല്ലാത്തതിനാൽ കുയിലിന്റെ നൃത്തം കാണാൻ ആരും വന്നില്ല . നൃത്തം ചെയ്യാതെ പാട്ടും പാടി നടക്കുന്ന മയിലിനെ കുട്ടികൾ പോലും കളിയാക്കാൻ തുടങ്ങി . അങ്ങിനെയിരിക്കെ വസന്തം വന്നു . എവിടെയും പൂക്കളും പൂമ്പാറ്റകളും . അറിയാതെ കുയിൽ പാടിപോയി കൂട്ടുകാരിയുടെ പാട്ട് കേട്ടപ്പോൾ പീലി നിവർത്തി ആടാതെ ഇരിക്കാൻ മയിലിനു കഴിഞ്ഞില്ല . പ്രകൃതി അനുഗ്രഹിച്ചു നൽകിയ കഴിവുകൾ തേച്ചുമിനുക്കി ആവിഷ്കരിക്കുകയാണ് വേണ്ടതെന്ന് അവർക്ക് മനസിലായി . അപ്പോഴാണ് ആനന്ദം അനുഭവിക്കാൻ കഴിയുന്നത് , അംഗീകാരങ്ങൾ തേടി എത്തുന്നത് ..കുയിൽ മധുരമായി പാടി മയിൽ മതിമറന്നാടി ..മറ്റുള്ള കൂട്ടുകാരെല്ലാം തന്നെ അവർക്ക് ചുറ്റും കൂടി ആ സന്തോഷത്തിൽ പങ്കുചേർന്നു.

Sudharshana IX A

# നാട്ടറിവുകൾ



1. ശ്വാസംമുട്ടലിന് – അഞ്ച് ഗ്രാം നിലപ്പാല ഇല അരച്ച് ചെറുതേൻ ചേര്ത്ത് കഴിക്കുക

2.മുഖത്തെ എണ്ണമയം മാറാൻ – തണ്ണിമത്തന്റെ നീര് മുഖത്ത് പുരട്ടുക

3.മെലിഞ്ഞവർ തടിക്കുന്നതിന് – ഉലുവ ചേർത്ത് കഞ്ഞി വച്ച് കുടിക്കുക

4.സാധാരണ നീരിന് – തൊട്ടാവാടി അരച്ച് പുരട്ടുക

5.മുടി കൊഴിച്ചിൽ മാറുന്നതിന് – ചെമ്പരത്തി പൂവിന്റെ ഇതളുകൾ അരച്ച് ഷാംപൂവായി ഉപയോഗിക്കുക

6.കണ്ണിന് കുളിർമ്മയുണ്ടാകൻ – രാത്രി ഉറങ്ങുന്നതിന് മുൻപ് അല്പം ആവണക്കെണ്ണ കൺപീലിയിൽ തേക്കുക

7.ദഹനക്കേടിന് – ചുക്ക്, കുരുമുളക്, വെളുത്തുള്ളി, ഇല വെന്ത കഷായത്തിൽ ജാതിക്ക അരച്ച് കുടിക്കുക

8.ഉദരരോഗത്തിന് – മുരിങ്ങവേര് കഷായം വച്ച് നെയ്യും ഇന്തുപ്പും ചേർത്ത് കഴിക്കുക

9.തൊണ്ടവേദനയ്ക്ക് – അല്പം വെറ്റില, കുരുമുളക്, പച്ച കർപ്പൂരം ചേർത്ത് വായിലിട്ട് ചവച്ചരച്ച് കഴിക്കുക

10.കുട്ടികളുടെ വയറുവേദനയ്ക്ക് – മുത്തങ്ങ കിഴങ്ങ് അരച്ച് കൊടുക്കുക

Anzalna K A IX A

# മഴ

പുലരിയോളം കാത്തിരുന്നു
പുതുമഴയൊന്നു കിട്ടാൻ
ഒടുവിലായി  മാരി പെയ്തു
ഇടതടവില്ലാത്ത പേമാരിയായ്

പുഴ കവിഞ്ഞു ചുരനിറഞ്ഞു
മലയും പുഴയുമൊന്നായി
ഇടയിലായുള്ളോരോ ജീവിതം
ശിഥില കിനാക്കളായി മാറി.

മുറ്റത്തുള്ളോരാ തേൻമാവ്
കടപൊഴുകി തൊടി കടന്ന്
അകലയായി .... കടലിലായി
ഹൃദയങ്ങൾ കനിരുതേടുന്നു.

അകലെയായ് മഴമേഘപാളി
അടർന്നടർന്ന് ശമിക്കാതെ
അരുതേയരുതേ പകയരുതേ
പകയകറ്റി കനിവേകണെ ....

ABIDUR RAHMAN IX C

# മഹത് വചനങ്ങൾ

ധനവും പദവിയും അധികാരവുമില്ല ആവശ്യം , ഹൃദയ ശുദ്ധിയാണ് .

സ്വാമി വിവേകാനന്ദൻ

കുഞ്ഞുങ്ങളും പൂക്കളും മൃദുലമാണ് , നിർമ്മലവുമാണ് അവയെ മൃദുവായി വേണം കൈകാര്യം ചെയ്യാൻ .

ജവാഹർലാൽ നെഹ്റു

വിജയിക്കാൻ ഞാൻ എടുത്ത തീരുമാനത്തിന് കരുത്തുണ്ടെങ്കിൽ പരാജയം ഒരിക്കലും എന്നെ പിന്തുടരില്ല

എ പി ജെ അബ്ദുൽ കലാം

ഒരു ശിശുവിന്റെ ശരീരത്തിലും, മനസ്സിലും, ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം

മഹാത്മാ ഗാന്ധി

നീ നിന്നെ സ്നേഹിക്കുന്നത് പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക

യേശുക്രിസ്തു

ദൈവപ്രീതി മാതാപിതാക്കളുടെ തൃപ്തിയിലാണ്. ദൈവകോപം മാതാപിതാക്കളുടെ കോപത്തിലാണ്.

മുഹമ്മദ് നബി

മതമേതായാലും മനുഷ്യൻ നന്നായാൽ മതി.

ശ്രീനാരായണഗുരു

UDAYARAJ K R IX A

# പൊതുവിജ്ഞാനം

1 .അന്തർദേശീയ മാതൃഭാഷാ ദിനം എന്ന് ?

ഫെബ്രുവരി 21

2. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള സാഹിത്യ ഭാഷ ?

സംസ്കൃതം

3. നിഴലുറങ്ങുന്ന വഴികൾ എന്ന മലയാള നോവലിന്റെ രചയിതാവ് ?

പി. വത്സല

4. ഏറ്റവും കൂടുതൽ തവണ കേരളം ഭരിച്ച മുഖ്യമന്ത്രി ?

കെ. കരുണാകരൻ

5. ഗരീബി ഹഠാവോ എന്ന മുദ്രാവാക്യം ഏത് പഞ്ചവത്സര പദ്ധതി കാലത്തായിരുന്നു?

അഞ്ചാം പഞ്ചവത്സര പദ്ധതി

6. ആധുനിക ഇന്ത്യയുടെ സ്രഷ്ടാവ് എന്നറിയപ്പെടുന്ന ഗവർണർ ജനറൽ?

ഡൽഹൗസി പ്രഭു

7. കേരളത്തിലെ ആദ്യ വനിതാ ഗവർണ്ണർ?

ജ്യോതി വെങ്കിടാചലം

8. ഇന്ത്യയിൽ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനം?

കേരളം

9. മലയാളത്തിലെ ഏറ്റവും വലിയ നോവൽ ഏതാണ്?

അവകാശികൾ

10. മാലി എന്ന തൂലിക നാമത്തിൽ അറിയപ്പെട്ട സാഹിത്യകാരന്റെ പേര്?

വി മാധവൻ നായർ

11. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി?

ജോസഫ് മുണ്ടശ്ശേരി

**SUNAINA N IX A**

# A Celestal Bond

**friends are like stars in the night sky,**

**Guiding us through life , Shining so bright**

**Through Thick and Thin they are always near by,**

**Bringing joy and laughter , filling our lives with light.**

**They lift us up , when we are feeling down,**

**supporting us with love , always around.**

**with open hearts they lend a helping hand,**


**creating memories that for ever expand.**

**in times of need , they are a comfroting embrace,**

**A source of strength a safe and sacred face .**

**Through laughter and tears , they stand by our side,**

**True friends in whom we can always confide.**



**FAHADIYA T R IX C**

# പഴഞ്ചൊല്ലുകൾ

പന്തിരാണ്ടു കാലം കുഴലിലിട്ടാലും പട്ടിയുടെ വാൽ വളഞ്ഞു തന്നെ

പല തുള്ളി പെരുവെള്ളം

മിന്നുന്നതെല്ലാം പൊന്നല്ല.

മീൻ കുഞ്ഞിനെ നീന്താൻ പഠിപ്പിക്കരുത്

പയ്യെ തിന്നാൽ പനയും തിന്നാം

മിണ്ടാ പൂച്ച കലം ഉടക്കും

പല നാൾ കള്ളൻ ഒരു നാൾ പിടിയിൽ

പാടത്തു ജോലി വരമ്പത്തു കൂലി

പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല.

പുകഞ്ഞ കൊള്ളി പുറത്തു

പുത്തനച്ചി പുരപ്പുറം തൂക്കും

പുര കത്തുമ്പോൾ തന്നെ വാഴ വെട്ടണോ

പാമ്പിനെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടക്കഷ്ണം തിന്നണം

അന്നു പഠിച്ചത് ഇന്ന് ഫലിച്ചു

അരവിദ്യ അരങ്ങത്ത് കാട്ടരുത്

**RAEASA FATHIMA P J IX C**

# നന്ദിയോടെ ..........

ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളും ,

ഇതിനു പിന്തുണ നൽകിയ എല്ലാ അധ്യാപകർക്കും

ഒരായിരം നന്ദിയോടെ ......

ശുഭം